**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 42** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി - മയക്കുമരുന്നു സംഘങ്ങളുടെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. വി. ഇബ്രാഹിം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ലഹരി, മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനും പോലീസ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരി-മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മയക്കുമരുന്നിന്റെ ഉപയോഗം, വിൽപ്പന, കടത്ത് എന്നിവ ഫലപ്രദമായി തടയുന്നതിനുമായി സംസ്ഥാന ആഭ്യന്തര വകുപ്പ് 2026 ജൂൺ ആദ്യവാരത്തിൽ ആരംഭിച്ച ആന്റി-നാർക്കോട്ടിക്സ് പദ്ധതിയാണ് **"ഓപ്പറേഷൻ തൂഫാൻ" (Operation Toofan).** സംസ്ഥാനത്തെ ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ കണ്ടെത്തി കർശന നിയമനടപടികൾ സ്വീകരിച്ച് നിരോധിത മയക്കുമരുന്നുകളുടെ ഉറവിടങ്ങളും വിതരണ ശൃംഖലകളും തകർക്കുന്നതിനായി, പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലായി പ്രത്യേക ടീമുകൾ രൂപീകരിച്ച് വ്യാപകമായ അന്വേഷണ-പരിശോധന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഓപ്പറേഷൻ തൂഫാനിന്റെ ഭാഗമായി 2026 ജൂൺ 2 മുതൽ ജൂൺ 17 വരെ ആകെ 2,954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,176 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പുകയില ഉൽപ്പന്നങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമപ്രകാരം (COTPA) 1,421 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 2,152-ലധികം ബോധവത്കരണ ക്ലാസുകളും 167 കൗൺസിലിംഗ് സെഷനുകളും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിൽ നിന്ന് വ്യക്തികളെ മോചിപ്പിക്കുന്നതിനുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി 12 പേരെ ഡി-അഡിക്ഷൻ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പറുകളിലും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പറിലുമായി പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങളിലൂടെ പൊതുജനങ്ങളിൽ നിന്ന് ലഹരി വിൽപ്പനയെയും ഉപയോഗത്തെയും സംബന്ധിച്ച് 1,600-ലധികം ഫോൺ കോളുകളും 1,116-ഓളം വാട്ട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ

അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഉടനടി പരിശോധനകളും നിയമനടപടികളും സ്വീകരിച്ചുവരികയാണ്.

**(ബി)** ലഹരി, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിരീക്ഷിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരിമരുന്നുകളുടെ ഉപയോഗം, വിൽപ്പന, പ്രചാരണം എന്നിവ തടയുന്നതിനായി അതീവ ജാഗ്രതയോടെയുള്ള നിരീക്ഷണ സംവിധാനങ്ങളാണ് നിലവിലുള്ളത്. ലഹരിമരുന്നിനും മയക്കുമരുന്ന് മാഫിയകൾക്കും എതിരെ സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച ഏറ്റവും വലിയ ആന്റി-നാർക്കോട്ടിക്സ് പദ്ധതിയാണ് **"ഓപ്പറേഷൻ തൂഫാൻ" (Operation Toofan).** 2026 ജൂൺ ആദ്യവാരത്തോടെയാണ് സംസ്ഥാനവ്യാപകമായി ഈ വിപുലമായ ലഹരിവിരുദ്ധ ദൗത്യത്തിന് തുടക്കമിട്ടത്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിടുന്ന ലഹരി സംഘങ്ങളെയും അന്തർസംസ്ഥാന മയക്കുമരുന്ന് ശൃംഖലകളെയും കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പൂർണമായും ഇല്ലാതാക്കുന്നതിനുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഓപ്പറേഷൻ തൂഫാനിന്റെ ഭാഗമായി സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലായി പ്രത്യേക ടീമുകൾ രൂപീകരിച്ച് മയക്കുമരുന്നുകളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും വിതരണ ശൃംഖലകൾ തകർക്കുന്നതിനും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും സാങ്കേതിക നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വിൽപ്പന, വിതരണം, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട വ്യക്തികളെയും സംഘങ്ങളെയും തിരിച്ചറിയുന്നതിനായി സ്റ്റേഷൻ, ജില്ലാ, സംസ്ഥാന തലങ്ങളിൽ തുടർച്ചയായ നിരീക്ഷണവും വിവരശേഖരണവും നടത്തിവരുന്നു.

സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ലഹരിമരുന്നുകൾ പ്രചരിപ്പിക്കുന്നവരെയും വിൽപ്പനയ്ക്ക് സഹായം നൽകുന്നവരെയും കണ്ടെത്തുന്നതിനായി സൈബർ നിരീക്ഷണം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കർശന നടപടികളും സ്വീകരിച്ചുവരുന്നു.

ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പറുകളിലും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പറിലുമായി പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനകളും അന്വേഷണങ്ങളും നടത്തി ആവശ്യമായ നിയമനടപടികൾ സ്വികരിച്ചുവരുന്നു.

അതേസമയം, ലഹരി ഉപയോഗിക്കുന്നവരെ കുറ്റവാളികളായി മാത്രം കാണാതെ, ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, ഡി- അഡിക്ഷൻ ചികിത്സ, പുനരധിവാസ സേവനങ്ങൾ എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചെത്തിക്കുന്നതിനുള്ള മാനുഷികവും സമഗ്രവുമായ സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. പ്രതിരോധപ്രവർത്തനങ്ങൾ, നിയമനിർവഹണം, ബോധവത്കരണം, പുനരധിവാസം എന്നിവ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിനുള്ള നടപടികൾ ശക്തമായി തുടർന്നുവരികയാണ്.

**(സി)** സ്കൂൾ കുട്ടികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരി വിമുക്തവും സുരക്ഷിതവുമായ ഇടങ്ങളാക്കി മാറ്റുന്നതിനുമായി വിവിധ വകുപ്പുകളുടെ

ഏകോപനത്തോടെ സംസ്ഥാന പോലീസ് വകുപ്പ് പ്രത്യേക പദ്ധതികളും ബോധവത്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു.

സ്കൂൾ വിദ്യാർത്ഥികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുക, സ്കൂൾ പരിസരങ്ങളിൽ മയക്കമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിൽപ്പനയും വിതരണവും തടയുക, വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക, ജുവനൈൽ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുക, നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഇരകളാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.915/2026/GEDN തീയതി 31.01.2026 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ 8,786 സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ **സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG)** രൂപീകരിച്ചിട്ടുള്ളതാണ്. സമാന ലക്ഷ്യങ്ങൾ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (CPG)** രൂപികരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നതോടൊപ്പം, ഈ പ്രവർത്തനങ്ങൾ കേരള പോലീസിന്റെ **"ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർക്കോ ഹണ്ട്"** പദ്ധതിയുടെ പ്രധാന ഘടകമായും ഉൾപ്പെടുത്തിയിട്ടുണ്ട് .

കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിലും കോളേജുകളിലും വ്യാപകമായ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി 2,152-ലധികം ബോധവത്കരണ ക്ലാസുകളും 167-ഓളം കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എകൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സജീവ സഹകരണത്തോടെ വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനും ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിനുമായി വിവിധ പരിപാടികൾ തുടർച്ചയായി നടപ്പിലാക്കി വരുന്നു.

കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പ്രത്യേക പരിശോധനകളും രഹസ്യനിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തപ്പെടുന്ന വിദ്യാർത്ഥികളെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പകരം ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, ഡി-അഡിക്ഷൻ ചികിത്സാ സേവനങ്ങൾ എന്നിവ ലഭ്യമാക്കി അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള പുനരധിവാസ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരിയുടെ പിടിയിൽ നിന്ന് സംരക്ഷിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി പ്രതിരോധം, ബോധവത്കരണം, നിരീക്ഷണം, പുനരധിവാസം എന്നീ മേഖലകളിൽ സംയോജിതമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

**സെക്ഷൻ ഓഫീസർ**